## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 675**     **09.02.2016-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട്

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വീടില്ലാത്തവർക്കെല്ലാം വീട് നിർമ്മിച്ച് നൽകുന്ന പ്രഖ്യാപനം ഈ സർക്കാരിന്റെ കാലയളവിൽ സാദ്ധ്യമാക്കാൻ സാധിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണം നടത്തുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി കാലയളവിൽ ശേഖരിച്ച കണക്ക് പ്രകാരം ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളാണുണ്ടായിരുന്നത്. 2014-15 മുതൽ നാളിതുവരെ 24,335 പേർക്ക ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് ഭവന നിർമ്മാണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവും, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിദഗ്ധരായ കൈത്തൊഴിലുകാരുടെ അഭാവവും മൂലം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ വീട് ഇല്ലാത്ത എത്ര ആദിവാസി വിഭാഗങ്ങളുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | 2014-15 സാമ്പത്തികവർഷം വീടില്ലാത്തവരായി കണക്കാക്കിയിരുന്ന 30308 കുടുംബങ്ങളിൽ 24335 പേർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 5973 പേർക്കും പുതുതായി അപേക്ഷിക്കുന്ന കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ